കണ്ണൂർ വിമാനത്താവള പദ്ധതി

155 (156) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കണ്ണൂർ വിമാനത്താവള പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഭൂമി KAIL-ന് കൈമാറിയിട്ടുണ്ടെന്നതും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി എത്ര ഭൂമി കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും ഏജൻസികൾക്ക് ഭൂമി ഏറ്റെടുത്തു നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഇനിയും എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്നു ഘട്ടങ്ങളിലായി ഇതുവരെ 1890 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ഏറ്റെടുത്ത 1278.89 ഏക്കർ ഭൂമി കിയാലിന് കൈമാറിയിട്ടുണ്ട്. കുടിയൊഴിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി 12.20 ഏക്കർ ഭൂമി കൈമാറിയിട്ടുണ്ട്.

(സി) നൽകിയിട്ടില്ല.

(ഡി) മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 33 ഏക്കർ ഭൂമി ഇനി ഏറ്റെടുക്കാനുണ്ട്. ഈ ഭൂമിയെ സംബന്ധിച്ചുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതു കൂടാതെ 143.51 ഏക്കർ ഭൂമി കൂടി കണ്ണൂർ എയർപോർട്ടിനുവേണ്ടി ഏറ്റെടുക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ രണ്ടാംഘട്ട പദ്ധതി പ്രവർത്തനം

155 (157) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly